REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 26-07-2024** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **ഇന്ത്യൻ സൈന്യം ഭീകരവാദത്തെ പൂർണമായി തകർക്കുമെന്നും ശത്രുവിന്റെ ശ്രമങ്ങൾക്ക് തക്ക മറുപടി നൽകുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഹിമാലയത്തിന്റെ ഉയരങ്ങളിൽ അസാമാന്യ ധീരത പുലർത്തി ശത്രുസൈന്യത്തെ മുട്ടുകുത്തിച്ച സൈനികർക്ക് ആഭ്യന്തര മന്ത്രി അമിത്ഷാ നന്ദി അറിയിച്ചു**
- **കോഴിക്കോട് സ്വദേശി അർജുന് വേണ്ടി തിരച്ചിൽ നടക്കുന്ന കർണാടക ഷിരൂരിലേക്ക് മന്ത്രിമാരായ A.K ശശീന്ദ്രനും P.A മുഹമ്മദ് റിയാസും രാത്രിയോടെ എത്തും.**
- **പാരിസ് ഒളിമ്പിക്സിന് ഇന്ന് ഔപചാരിക തുടക്കം. ഇന്ത്യൻ സമയം രാത്രി പതിനൊന്നിനാണ് ഉദ്ഘാടന ചടങ്ങ്.**
- **ഏഷ്യ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിലെ ആദ്യ സെമിയിൽ ശ്രീലങ്കയിൽ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും.**

## വാർത്തകൾ വിശദമായി

**ഇന്ത്യൻ സൈന്യം ഭീകരവാദത്തെ പൂർണമായി തകർക്കുമെന്നും ശത്രുവിന്റെ ശ്രമങ്ങൾക്ക് തക്ക മറുപടി നൽകുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കി. അതിർത്തിക്കപ്പുറത്തു നിന്നുണ്ടാകുന്ന ഹീനശ്രമങ്ങൾ ഒരിക്കലും വിജയത്തിലെത്തില്ല. ഇത്തരം നീക്കങ്ങളിൽ നിന്ന് അവർ പിന്മാറുകയാണ് വേണ്ടതെന്നും നരേന്ദ്രമോദി കർഗിലിൽ പറഞ്ഞു. ലഡാക്കിലെ ദ്രാസിൽ കർഗിൽ വിജയ് ദിവസ് ശ്രദ്ധാഞ്ജലി സമാരോഹിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.**

രാജ്യത്തിനുവേണ്ടി ജീവത്യാഗം ചെയ്തവർ അമരത്വം നേടുന്നു എന്നതാണ് കർഗിൽ വിജയ് ദിവസിന്റെ സന്ദേശമെന്നും പ്രധാനമന്ത്രി പറഞ്ഞു. 25 വർഷം മുമ്പ് കർഗിലിൽ നേടിയ വിജയം ലഡാക്കിന്റെ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ്. അങ്ങേയറ്റം ദുഷ്കരവും, വെല്ലുവിളികൾ ഉയർത്തുന്നതുമായിരുന്നു കർഗിൽ യുദ്ധമെന്ന് അദ്ദേഹം അനുസ്മരിച്ചു. രാജ്യത്തിനെതിരെ നിഴൽയുദ്ധം നടത്തുന്ന അയൽരാജ്യം പരാജയത്തിൽ നിന്ന് ഇതുവരെ പാഠം പഠിച്ചിട്ടില്ലെന്നും പ്രധാനമന്ത്രി കുറ്റപ്പെടുത്തി. ഭീകരപ്രവർത്തനത്തിന് പിന്നിൽ പ്രവർത്തിക്കുന്നവർക്ക് വ്യക്തമായി കേൾക്കാനാവുന്ന സ്ഥലത്ത് നിന്നു കൊണ്ടാണ് ഭീകരവാദത്തെ ഉന്മൂലനം ചെയ്യുമെന്ന നിശ്ചയദാർഢ്യം പ്രകടമാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. വികസനത്തിന്റെ പാതയിൽ രാജ്യം നേരിടുന്ന ഏതു തടസങ്ങളും മറികടക്കാനും, എതിർപ്പുകളെ ചെറുത്തു തോൽപ്പിക്കാനും ഇന്ത്യയ്ക്കു കഴിയുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു കർഗിൽ വിജയ് ദിവസിൽ സായുധ സേനയ്ക്ക് നന്ദിയും ആദരവും അറിയിച്ചു. കർഗിൽ സൈനികരുടെ വീര്യവും ത്യാഗവും രാജ്യത്തെ ഓരോ പൗരനെയും പ്രചോദിപ്പിക്കുന്നത് തുടരുമെന്ന് ദ്രൗപതി മുർമു ന്യൂഡൽഹിയിൽ പറഞ്ഞു. 1999 ൽ കർഗിൽ കൊടുമുടികളിൽ ഭാരത മാതാവിനെ സംരക്ഷിക്കാൻ പരമോന്നത ത്യാഗം അനുഷ്ഠിച്ചവരെ രാജ്യം എന്നും അനുസ്മരിക്കുമെന്നും രാഷ്ട്രപതി പറഞ്ഞു .

✪✪✪

രാജ്യരക്ഷാ രംഗത്ത് ഇന്ത്യ സ്വയം പര്യാപ്തിയിലേക്ക് നീങ്ങുകയാണെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. കഴിഞ്ഞ പത്തു വർഷം കൊണ്ട് 70 ശതമാനം സൈനികോപകരണങ്ങളും ഇന്ത്യയിൽ തന്നെ നിർമ്മിയ്ക്കാൻ കഴിയുന്നുണ്ട്. 80 രാജ്യങ്ങളിലേക്ക് 25,000 കോടിയിൽപ്പരം രൂപയുടെ യുദ്ധോപകരണങ്ങൾ കയറ്റി അയക്കാനും സാധിച്ചതായി വൈഷ്ണവ് പറഞ്ഞു. കർഗിൽ വിജയ് ദിവസ് ആഘോഷ ചടങ്ങിൽ ജീവത്യാഗം ചെയ്തവർക്ക് ആദരമർപ്പിച്ച ശേഷം സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

✪✪✪

ഇരുപത്തഞ്ചു വർഷം മുൻപ് കർഗിൽ യുദ്ധത്തിൽ രാജ്യത്തിന്റെ ഭൂപ്രദേശം സംരക്ഷിക്കാൻ അതി കഠിനമായ സാഹചര്യത്തിലും വീറോടെ പൊരുതി ജീവത്യാഗം ചെയ്ത സൈനികർക്ക് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ആദരാഞ്ജലികൾ അർപ്പിച്ചു. ലഡാക്കിലെ കർഗിലിൽ മഞ്ഞു മൂടിയ ഉയരങ്ങളിൽ മൂന്ന് മാസത്തോളം നീണ്ടു നിന്ന യുദ്ധത്തിന് ശേഷമാണ് 1999 ജൂലൈ 26 ന് ഇന്ത്യൻ സൈന്യം ഓപ്പറേഷൻ വിജയിപ്പിച്ചതെന്ന് രാജ്നാഥ് സിംഗ് അനുസ്മരിച്ചു.

✪✪✪

ഹിമാലയത്തിന്റെ ഉയരങ്ങളിൽ അസാമാന്യ ധീരത പുലർത്തി ശത്രുസൈന്യത്തെ മുട്ടുകുത്തിച്ച സൈനികർക്ക് ആഭ്യന്തര മന്ത്രി അമിത്ഷാ നന്ദിയറിയിച്ചു. കാർഗിലിൽ ത്രിവർണ്ണ പതാക ഉയർത്തി സൈന്യം രാജ്യത്തെ അഭിമാനത്തിലേക്ക് നയിച്ചതായി കർഗിൽ വിജയ് ദിവസത്തോട് ബന്ധപ്പെട്ട് അമിത്ഷാ സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

✪✪✪

തിരുവനന്തപുരം പാങ്ങോട് സൈനിക ക്യാമ്പിൽ 25-ാമത് കർഗിൽ വിജയ് ദിവസിന്റെ ആഘോഷങ്ങൾ സംഘടിപ്പിച്ചു. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു. സ്റ്റേഷൻ കമാൻഡർ ബ്രിഗേഡിയർ സാലിൽ MP യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ, വിരമിച്ച മുൻ സൈനിക ഉദ്യോഗസ്ഥരും, വീരചരമമടഞ്ഞ സൈനികരുടെ ബന്ധുക്കളും, ഉന്നത സൈനിക ഉദ്യോഗസ്ഥരും പങ്കെടുത്തു. സൈക്കിൾ റാലിയുടെ ഫ്ലാഗ് ഇൻ ചടങ്ങും ഗവർണർ നിർവഹിച്ചു.

✪✪✪

കാർഗിൽ വിജയദിനത്തിൽ കണ്ണൂർ വാർ മെമ്മോറിയൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജവാന്മാർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

കണ്ണൂർ മുഖ്യ തപാൽ ഓഫീസിന് സമീപത്തെ യുദ്ധസ്മാരകത്തിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പുഷ്പാർച്ചന നടത്തി.

✪✪✪

കോഴിക്കോട് സ്വദേശി ലോറി ഡ്രൈവർ അർജ്ജുന് വേണ്ടി തിരച്ചിൽ നടക്കുന്ന കർണാടക ഷിരൂരിലേക്ക് മന്ത്രിമാരായ A.K ശശീന്ദ്രനും P.A മുഹമ്മദ് റിയാസും രാത്രിയോടെ എത്തും. മുഖ്യമന്ത്രി പിണറായി

വിജയന്റെ നിർദേശമനുസരിച്ചാണ് സ്ഥിതിഗതി വിലയിരുത്താൻ മന്ത്രിമാർ പോകുന്നത്.

M.K രാഘവൻ MP, എംഎൽഎമാരായ M.K.M അഷ്റഫ്, K.M സച്ചിൻ ദേവ്, ലിൻഡോ ജോസഫ് എന്നിവർ സ്ഥലത്തെത്തിയിരുന്നു.

✪✪✪

മൈസൂരു അർബൻ ഡവലപ്മെന്റ് അതോറിറ്റിയുമായി ബന്ധപ്പെട്ട ക്രമക്കേടിൽ മുഖ്യമന്ത്രി രാജി വെക്കണമെന്നാവശ്യപ്പെട്ട് കർണാടക BJP MP മാർ പാർലമെന്റ് സമുച്ചയത്തിൽ പ്രതിഷേധിച്ചു. മുഖ്യമന്ത്രി സിദ്ധരാമയ്യക്ക് ഈ ഇടപാടിൽ നേരിട്ട് പങ്കാളിത്തമുണ്ടെന്ന് കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി മാധ്യമങ്ങളോടു പറഞ്ഞു. കേസ് CBI അന്വേഷിക്കണമെന്നും ജോഷി ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ 16-ാമത് രാജ്യാന്തര ഡോക്യുമെന്ററി - ഹ്രസ്വചിത്രമേള വൈകിട്ട് തിരുവനന്തപുരത്ത് തുടങ്ങും. കൈരളി തിയേറ്ററിൽ മന്ത്രി MB രാജേഷ് മേള ഉദ്ഘാടനം ചെയ്യും. ഡോക്യുമെന്ററി രംഗത്തെ സമഗ്ര സംഭാവനയ്ക്ക് ലൈഫ്ടൈം അച്ചീവ്മെന്റ് പുരസ്കാരം മന്ത്രി, ബേഡി ബ്രദേഴ്സിന് സമ്മാനിക്കും.

ഈ മാസം 31 വരെ കൈരളി, ശ്രീ, നിള, തിയേറ്ററുകളിലാണ് മേള സംഘടിപ്പിച്ചിരിക്കുന്നത്. 54 രാജ്യങ്ങളിൽ നിന്ന് 335 ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിക്കും.

✪✪✪

കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന കണ്ണൂർ തളിപ്പറമ്പ് സ്വദേശിയായ മൂന്നര വയസ്സുകാരന് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. പുതുച്ചേരിയിലെ ലാബിൽ നടത്തിയ PCR പരിശോധനയിലാണ് രോഗം സ്ഥിരീകരിച്ചത്. പരിയാരം മെഡിക്കൽ കോളേജിൽ നടത്തിയ പ്രാഥമിക പരിശോധനയിൽ കുട്ടിക്ക് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ചതായി കണ്ടെത്തിയിരുന്നു. വെന്റിലേറ്ററിൽ ചികിത്സയിൽ തുടരുന്ന കുട്ടി മരുന്നുകളോട് പ്രതികരിക്കുന്നുണ്ടെന്നാണ് ഡോക്ടർമാർ അറിയിക്കുന്നത്.

✪✪✪

പാരിസ് ഒളിമ്പിക്സിന് ഇന്ന് ഔപചാരിക തുടക്കമാകും. ഇന്ത്യൻ സമയം രാത്രി പതിനൊന്നിനാണ് ഉദ്ഘാടന ചടങ്ങ്. നൂറു വർഷം മുമ്പ് ഒളിമ്പിക്സിന് വേദിയായ പാരിസിന് ശതാബ്ദിയുടെ നിറവു കൂടിയാണ് ഈ ഒളിമ്പിക്സ്.

ചരിത്രത്തിൽ ആദ്യമായി മുഖ്യ സ്റ്റേഡിയത്തിന് പുറത്ത് സെൻ നദിയിൽ പതിനായിരത്തോളം കായിക താരങ്ങളെ അണിനിരത്തുന്ന മാർച്ചുപാസ്റ്റോടെയാണ് ചടങ്ങിന് തുടക്കമാകുന്നത്. നദിയിൽ ആറ് കിലോമീറ്ററോളം ബോട്ടുകളിലും വള്ളങ്ങളിലുമായി താരങ്ങൾ അണിനിരക്കും. 10,500 അത്‌ലറ്റുകളെ വഹിക്കാൻ 100 ബോട്ടുകൾ സജ്ജീകരിച്ചിട്ടുണ്ട്. നദിയിലെ താൽക്കാലിക വേദിയിലാണ് ഒളിമ്പിക് ദീപം തെളിയിക്കുന്നതടക്കം ഉദ്ഘാടന ചടങ്ങുകൾ. പാരീസിന്റെ ചരിത്രവും വാസ്തുവിദ്യയും പ്രകടമാക്കുന്ന മൂന്ന് മണിക്കൂർ നീളുന്ന സവിശേഷ പ്രദർശനമാണ് ഉദ്ഘാടന ചടങ്ങിന്റെ മുഖ്യ ആകർഷണം.

ഇന്ത്യയുടെ മുതിർന്ന ടേബിൾ ടെന്നീസ് താരം, അചാന്ത ശരത് കമലും, ഒളിമ്പ്യൻ P.V സിന്ധുവും ഇന്ത്യൻ ടീമിന്റെ മാർച്ച്പാസ്റ്റിൽ പതാകയേന്തും. പരമ്പരാഗത വസ്ത്രങ്ങൾ ധരിച്ചായിരിക്കും ഇന്ത്യൻ താരങ്ങൾ ചടങ്ങിൽ പങ്കെടുക്കുന്നത്.

✪✪✪

ഒളിംപിക്സിനോടനുബന്ധിച്ചു പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്യുന്നതിനാൽ, ആഗസ്റ്റ് 11 വരെ രാവിലെ 7.25-ലെ ആകാശവാണി വാർത്തകൾ അഞ്ച് മിനിറ്റ് നേരത്തെയാക്കി. 7.20 നായിരിക്കും വാർത്ത പ്രക്ഷേപണം ചെയ്യുക.

✪✪✪

ഏഷ്യ കപ്പ് വനിതാ ട്വന്റി- 20 ക്രിക്കറ്റിന്റെ സെമിഫൈനൽ മത്സരങ്ങൾ ഇന്ന്.

ശ്രീലങ്കയിലെ ദാംബുളയിൽ ആദ്യ മത്സരത്തിൽ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് രണ്ടിനാണ് മത്സരം.

രാത്രി ഏഴിന് രണ്ടാം സെമിയിൽ ശ്രീലങ്ക പാകിസ്ഥാനെയും നേരിടും. ഞായറാഴ്ചയാണ് ഫൈനൽ.

✪✪✪

തളിപ്പറമ്പിന് സമീപം സൂ സഫാരി പാർക്ക് ആരംഭിക്കുന്നു. സഞ്ചാരികൾക്ക് പുത്തനനുഭവമായി മാറുന്ന സഫാരി പാർക്ക് സ്ഥാപിക്കുന്നതിന് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിലാണ് തീരുമാനമായത്.

കൂടുതൽ വിവരങ്ങളുമായി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

.........വോയ്സ്..........

✪✪✪

കാസർകോട് മുതൽ തിരുവനന്തപുരം വരെ ദേശീയപാത 66 ആറ് വരിയാക്കുന്നതിന്റെ പ്രവർത്തനങ്ങൾ അടുത്തവർഷം ഡിസംബറോടെ പൂർത്തീകരിക്കുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. കണ്ണൂർ അഴീക്കോട് കളരിവാതുക്കൽ റോഡ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കാസർകോട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ NH- 66 ന്റെ നവീകരണ പ്രവർത്തനങ്ങൾ 2025 ഡിസംബറിന് മുമ്പ് പൂർത്തികരിക്കുവാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ തിങ്കളാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ഇന്നലെ രാത്രി വീശി അടിച്ച കാറ്റിൽ മരം വീണ് കണ്ണൂർ കലക്ടറേറ്റിന് സമീപം നിർത്തിയിട്ട രണ്ടു കാറുകൾ പൂർണ്ണമായും തകർന്നു. നാലു കാറുകൾക്ക് കേടു പറ്റി. ജില്ലയിൽ ബുധനാഴ്ച അർദ്ധരാത്രി വീശിയടിച്ച കാറ്റിൽ 4 വീടുകൾ പൂർണ്ണമായും 313 വീടുകൾ ഭാഗികമായും തകർന്നു.

✪✪✪

കോഴിക്കോട് ജില്ലയിൽ ശക്തമായ കാറ്റിലും മഴയിലും വ്യാപക നാശനഷ്ടമുണ്ടായി. മുക്കം, താമരശ്ശേരി, മാവൂർ മേഖലയിൽ പന്ത്രണ്ട് ഇടങ്ങളിൽ മരങ്ങൾ പൊട്ടിവീണ് ഗതാഗതം തടസ്സപ്പെട്ടു.

✪✪✪

2023-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച കവിതയ്ക്ക് കൽപ്പറ്റ നാരായണനനും, മികച്ച നോവലിന് ഹരിതാ സാവിത്രിയും ചെറുകഥയ്ക്ക് N.രാജനുമാണ് പുരസ്കാരങ്ങൾ.

✪✪✪

യാത്രാത്തിരക്ക് കുറയ്ക്കാൻ ഷൊർണൂരിനും കണ്ണൂരിനും ഇടയിൽ ആരംഭിച്ച പുതിയ ട്രെയിൻ മൂന്നു മാസത്തേക്കുകൂടി നീട്ടി. ഒക്ടോബർ 31 വരെയാണ് സർവീസ് നീട്ടിയത്. പയ്യോളിയിൽ ട്രെയിനിന് സ്റ്റോപ്പും അനുവദിച്ചിട്ടുണ്ട്.

✪✪✪

ശിക്ഷാ സപ്താഹിന്റെ ഭാഗമായി ലക്ഷദ്വിപിലെ എല്ലാ സ്കൂളുകളിലും കലാ സാംസ്ക്കാരിക പരിപാടികൾ പുരോഗമിക്കുന്നു.

ലക്ഷദ്വീപിന്റെ പരമ്പരാഗത വേഷവിധാനത്തിൽ അണിഞ്ഞൊരുങ്ങിയ വിദ്യാത്ഥികളുടെ കൂട്ടായ്മയിൽ 100 ലധികം രുചികരമായ ദ്വിപ് വിഭവങ്ങൾ ഭക്ഷ്യമേളയിൽ പ്രദർശിപ്പിച്ചു.

✪✪✪

പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തു നടപ്പാക്കി വരുന്ന 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' കാമ്പയിൻ കൊച്ചി ഗോശ്രീ ദ്വീപുകളിലും വ്യാപിപ്പിക്കും.

✪✪✪